SCHOOL KALOLSAVAM 2017 PROGRAMME COMMITTEE

# ഉയിർപ്പ്

മരുഭൂമിയിൽ
വികാരസമുദ്രങ്ങൾ തിരഞ്ഞ്
തോറ്റുപോയപ്പോൾ
സ്വപ്നങ്ങൾ കെട്ടുപോയെന്ന്
ഹൃദയത്തിൽ വരഞ്ഞ്
തൂങ്ങിമരിച്ച ഒരു കവിത
തന്നിലേക്ക് വിരിഞ്ഞു.

അതിലെ വാക്കുകളോരോന്നും
കാലത്തിന്റെ ബാക്ക്ഗ്രൗണ്ടിൽ
ഓരോ സെൽഫിയെടുത്തു.

ആദ്യവാക്കിന്റെ സെൽഫിയിൽ
പൂമ്പാറ്റകൾ പാറി.
രണ്ടാമത്തേതിൽ നിന്ന്
സംഗീതമൊലിച്ചു.
മൂന്നാമത്തേതിന്റെ ചോരയിൽ
പ്രാണൻ കത്തിപ്പടർന്നു.
ഋതുക്കൾ കൂടുവച്ചു.

പിന്നെ ആർത്തലച്ച് വന്ന സെൽഫികളിൽ
ചൂടുള്ള ഉപ്പും ചുവപ്പും മണത്തു.
ചിറകുകൾ വെട്ടിയരിഞ്ഞ ചോര കനത്തു.

നടക്കാനാവാത്ത കാലുകൾ
സ്വാതന്ത്ര്യദാഹത്തോടെ
ആഴങ്ങൾ തിരഞ്ഞു.
അക്ഷരങ്ങളെ ഇലകളിൽ
പാകം ചെയ്യാൻ
മരമായി പന്തലിച്ചു.

Scanned by CamScanner

Code No: 115

KERALA SCHOOL KALOLSAVAM-2017
PROGRAMME COMMITTEE

പക്ഷേ, സ്വാതന്ത്ര്യം
ചങ്ങലകളിലേക്ക് നീണ്ടു.
അവസാന വാക്കിന്റെ സെൽഫിയിൽ
കനലെരിഞ്ഞ് കയറായി,
വരിഞ്ഞുമുറുകി.
അതുകണ്ട് ജീവനില്ലാതായ കവിതകൾ
ചുവരുകൾക്കുള്ളിൽ നിലവിളിച്ചു.

നീലാകാശത്തിന് വിട.
ഇനി നമുക്ക് ഇരുണ്ട സൂര്യൻമാരെ
ധ്യാനിച്ചുവരുത്താം.
വെളിച്ചം കുടിച്ചിട്ടും
കണ്ണുകാണാത്തവർക്ക്
ഇത്തിരി ഇരുട്ടുനൽകാൻ.

തന്നിലേക്ക് തിരിഞ്ഞുനോട്ടങ്ങളില്ലാത്ത
ഒരു ലോകത്തേക്ക്
ആഴത്തിൽ കുഴിച്ചിടപ്പെട്ട
ആ കവിതയുടെ
അസ്ഥികളിൽ അവശേഷിക്കുന്ന
കനത്ത വാക്കുകളെ
പറത്തിവിടാൻ.

(ജിഷ്ണുവിനേയും വെമുലയേയും
പോലെ എരിഞ്ഞുതീർന്ന
നക്ഷത്രങ്ങൾക്ക്)

Scanned by CamScanner